Malappuram District Police

## 02.10.2017 നിലമ്പൂർ

പിടികിട്ടാപ്പുള്ളിയായ അന്തർസംസ്ഥാന മോഷ്ടാവ് നിലമ്പൂർ പോലീസിൻെറ പിടിയിൽ. കൊല്ലം കരുനാഗപ്പള്ളി വടക്കുമുറി പടനായർ കുളങ്ങര തുളസി ഭവനത്തിൽ അനിൽകുമാർ എന്ന തുറമുഖം അനിലിനെയാണ് നിലമ്പൂർ സിഐ കെ.എം. ബിജു പിടികൂടിയത്. ജില്ലയിൽ അടുത്ത കാലത്തായി നടന്ന മാല പിടിച്ചുപറിക്കൽ കേസുകളുടെ അന്വേഷണത്തിനിടെ നിലമ്പൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തുനിന്നാണ് ഇയാളെ അറസ്റ്റ് ചെയ്തത്. കൊല്ലം ജില്ലയിലെ ശൂരനാട്, കരുനാഗപ്പള്ളി, ഓച്ചിറ, ചവറ, ശാസ്താംകോട്ട തുടങ്ങി പത്തോളം സ്റ്റേഷനുകളിൽ മാല പൊട്ടിക്കൽ, ബലാത്സംഗ കേസുകളിൽ ഇയാൾ പ്രതിയാണ്. ചോദ്യം ചെയ്യലിൽ കൊല്ലം, തിരുവനന്തപുരം, കോട്ടയം ജില്ലകളിലും സമാനമായ കേസുകളിൽ പ്രതിയാണെന്ന് തെളിഞ്ഞിട്ടുണ്ട്. അങ്ങാടിപ്പുറത്തുള്ള വാടക ക്വാർട്ടേഴ്സിലും തമിഴ്നാട് ആമ്പൂർ എന്ന സ്ഥലത്തും ഒളിവിൽ താമസിച്ചുവരികയായിരുന്നു. രണ്ടിടങ്ങളിലും ഭാര്യമാരുണ്ട്.

എസ്ഐ ബിനു തോമസ്, അഡീഷണൽ എസ്ഐ സി പ്രദീപ്കുമാർ, എഎസ്ഐ പി മോഹൻദാസ്, സീനിയർ സിപിഒ ശ്രീകുമാർ, സിപിഒ-മാരായ മനോജ്, ജയരാജ്, ബിനോബ്, ജാബിർ, പ്രദീപ് എന്നിവരും അന്വേഷണ സംഘത്തിലുണ്ടായിരുന്നു.